**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3113** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിന്റെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. സുമോദ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും തദ്വാര ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 14,950 ലക്ഷം രൂപ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ആയതിലെ പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 1) 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പുളിക്കീഴ്, പെരുനാട് & മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ & മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ & ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നിവയാണ് അവ. 2) പോലീസ് നിർവ്വഹണം കൂടുതൽ സുഗമമാക്കുവാനും, ക്രമസമാധാനപാലനം മെച്ചപ്പെടുത്തുവാനും 25 അധിക സബ് ഡിവിഷനുകൾ കൂടി ആരംഭിക്കുകയും ഈ സബ് ഡിവിഷനുകളുടെ നവീകരണത്തിനായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. 3) പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു സ്റ്റേറ്റ് പോലീസ് മ്യൂസിയം ആരംഭിക്കുവാൻ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരളത്തിന്റെ ആദ്യത്തെ ആഭ്യന്തര മന്ത്രി കൂടിയായിരുന്ന ജസ്റ്റിസ്. ശ്രീ. വി.ആർ. കൃഷ്ണയ്യരുടെ പേരിലാണ് ഈ മ്യൂസിയം സ്ഥാപിക്കുക. 4) എല്ലാ ജില്ലകളിലും നോളേജ് റിപ്പോസിറ്ററി സെന്ററുകൾ (Knowledge Respository Centres) ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 5) പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് 200 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 6) തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 7) സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. 8) സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 9) ആലപ്പുഴ, എറണാകുളം റൂറൽ, തിരുവനന്തപുരം റൂറൽ, മലപ്പുറം എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 10) തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 11) കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 12) തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയാക്കുന്നതാണ്. |
| (ബി) | പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Artificial Intelligence സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതാണ്. ഇതിനായി 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, തിരുവനന്തപുരത്ത് Cyber Security Centre (Cyberdome) സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ നൽകുന്നതിന് പോലീസ് വകുപ്പിൽ പുതിയ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ഇവർക്കായി പ്രത്യേക സൗകര്യം ഒരുക്കി വരുന്നു. |

സെക്ഷൻ ഓഫീസർ